ജയറാം, മുകേഷ്, ബാലചന്ദ്രമേനോൻ, നെടുമുടിവേണു, സുരേഷ് ഗോപി, നരേന്ദ്രപ്രസാദ് എന്നുവേണ്ട, ആകാരസൗഷ്ഠവവും ശബ്ദഗാംഭീര്യവും ഉള്ളവർ ഇല്ലാത്തവർ എന്ന വ്യത്യാസമില്ലാതെ ഒട്ടുമിക്ക സിനിമാതാരങ്ങളേയും വളരെ അനായാസമാണ് കൃശഗാത്രനായ ആ വിദ്യാർഥി അനുകരിച്ചത്. മറ്റു വിദ്യാർഥികൾ അന്നുവരെ കാണാത്തതരത്തിലുള്ള അനുകരണവൈഭവം കാഴ്ചവച്ചതിനെ തുടർന്ന് കോളേജിന്റെ തെരഞ്ഞെടുപ്പു ചരിത്രത്തിലാദ്യമായി നമ്മുടെ നായകൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നു.

തുടർന്ന് ജീവിതത്തിലുടനീളം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടൽ ശീലമാക്കിയ അന്നത്തെ ആ വിദ്യാർഥിയാണ് ഈ ദളത്തിലെ അതിഥി.

ഹരി ശങ്കർ എ ആർ
ഫെഡറൽ ബാങ്ക്
ന്യൂ ഡെൽഹി/ ദ്വാരക ശാഖ

ആശുപത്രി ഉടമയും സാമൂഹ്യപ്രവർത്തകനുമായിരുന്ന അരവിന്ദാക്ഷൻ നായരുടേയും സിൻഡിക്കേറ്റ് ബാങ്കിൽ പിഗ്മി കളക്ടറായി ജോലി നോക്കിയിരുന്ന രമാദേവിയുടേയും രണ്ട് ആൺമക്കളിലെ മുതിർന്നയാളായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടാണ് ഹരി ശങ്കറിന്റെ ജനനം.

നെടുമങ്ങാടുള്ള ദർശന ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു എൽകെജി മുതൽ പത്താംക്ലാസു വരെയുള്ള വിദ്യാഭ്യാസം.

ഇന്നത്തെ പോലെ തന്നെ അന്നും രംഗഭീതിയെന്ന പദം സ്വന്തം നിഘണ്ടുവിൽ ഇല്ലാതിരുന്നതിനാൽ എൽകെജി യിൽ വച്ചുതന്നെ അരങ്ങിൽ കയറാനുള്ള അവസരം ഹരിയ്ക്കു ലഭിച്ചു. ഗാനാലാപനം, കവിതാപാരായണം, കഥപറച്ചിൽ, ഏകാംഗാഭിനയം തുടങ്ങിയ ഇനങ്ങളിൽ ഒന്നാം സ്ഥാനം തന്നെ ഹരി കരസ്ഥമാക്കി. പ്രശസ്ത നർത്തകിയും അഭിനേത്രിയുമായിരുന്ന താരാ കല്യാണിൽ നിന്നു പുരസ്കാരവും പ്രശംസാപത്രവും വാങ്ങാൻ സാധിച്ചു എന്നത് അന്നത്തെ ഒന്നാം സ്ഥാനങ്ങൾക്ക് മാധുര്യമേകുന്നു.

പാടാനുള്ള ഹരിയുടെ കഴിവിനെ പരിപോഷിപ്പിക്കാൻ പലരും നിർദ്ദേശിച്ചതിനെ തുടർന്ന് നാലാം ക്ലാസിൽ പഠിക്കുമ്പോൾ കുട്ടൻ ചേട്ടൻ എന്ന വിളിപ്പേരിലറിയപ്പെടുന്ന സംഗീതാധ്യാപകന്റെ കീഴിൽ ഹരി സംഗീതം അഭ്യസിക്കാൻ തുടങ്ങുന്നു. എട്ടാം ക്ലാസ് അവസാനം വരെ നീണ്ട സംഗീതപാഠങ്ങൾ പത്താംക്ലാസ് എന്ന 'കടമ്പ' യുടെ ഭീതിയിലാണ് നിറുത്തിവെക്കുന്നത്.

പക്ഷേ ആ ഒരു ശൂന്യതയിൽ വെറുതെയിരിക്കുന്നതിനു പകരം, അഞ്ചാം ക്ലാസു മുതൽ തുടർന്നുപോന്നിരുന്ന ബാഡ്മിന്റൺ കളിയിൽ അൽപം ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഹരി തീരുമാനിച്ചത്.

ഫലമോ ? ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും പത്താം ക്ലാസിൽ പഠിക്കുമ്പോൾ രണ്ടാം സ്ഥാനവും ഹരിയെ തേടിയെത്തി.

ഇത്രയും കേട്ടുകഴിഞ്ഞപ്പോൾ, പ്ലസ്ടു തലത്തിൽ ഹരി എന്തായിരിക്കും ചെയ്തുകാണുക എന്ന ആകാംക്ഷയായി എനിക്ക്. ബാഡ്മിന്റൺ കളി തുടർന്നു കാണുമോ അതോ ഗാനാലാപനത്തിലേക്ക് തിരികെ ചെന്നിരിക്കുമോ?

രണ്ടുമുപേക്ഷിച്ച്, പുതിയൊരു മേച്ചിൽപ്പുറം കണ്ടുപിടിക്കുകയാണ് പക്ഷേ പ്ലസ്ടു തലത്തിൽ ഹരി ചെയ്തത്. അതായത്, അനുകരണകലയിലേക്ക് കാലെടുത്തു വച്ചു.

എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ വരെ വിക്ക് അലട്ടിക്കൊണ്ടിരുന്ന ഒരു വ്യക്തിയായിരുന്നു ഹരി. സ്റ്റേജിൽ കയറാൻ മടിയില്ല, പാട്ടും കവിതാപാരായണവും മൂകാഭിനയവും ഒക്കെ ഭംഗിയായി നടന്നുപോവും. പക്ഷേ രണ്ടു വാക്കു സംസാരിക്കേണ്ടടിത്ത്, പഴയ വാചകങ്ങൾ കടമെടുത്തു പറഞ്ഞാൽ, രംഗബോധമില്ലാത്ത കോമാളിയായി വിക്ക് കടന്നു വരും.

അങ്ങനെയിരിക്കെ ഒരു നേരംപോക്കിന് സിനിമാതാരങ്ങളുടെ സംഭാഷണം പഠിച്ച് അനുകരിക്കാൻ ശ്രമിച്ചു നോക്കിയപ്പോഴാണ് ഹരി തിരിച്ചറിഞ്ഞത്, പറയേണ്ട കാര്യങ്ങൾ മനസിൽ പൂർണമായും പഠിച്ചുവച്ചിട്ടുണ്ടെങ്കിൽ വിക്ക് ശല്യക്കാരനാവില്ല എന്ന്.

അനുകരണകല അങ്ങനെ രണ്ടു രീതിയിൽ ഹരിയുടെ ആത്മവിശ്വാസം കൂട്ടി. വിക്കു മാറി എന്നത് ഒന്ന്. പാട്ടിനെക്കാൾ ജനകീയമാണ് എന്നതിനാൽ കയ്യടികളും പ്രതികരണങ്ങളും പതിന്മടങ്ങായി എന്ന സന്തോഷം രണ്ട്.

അങ്ങനെ ആനാട് ശ്രീനാരായണവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ്ടു ചെയ്യുന്ന സമയത്ത് അനുകരണകലയിൽ സ്കൂളിലെ താരമായി ഹരി മാറി. മിമിക്രി, ഏകാംഗാഭിനയം, മൂകാഭിനയം, ഒപ്പന, പദ്യം ചൊല്ലൽ തുടങ്ങിയ ഇനങ്ങളിൽ സമ്മാനിതനായതിനെ തുടർന്ന് പ്ലസ് ടുവിനു പഠിക്കുമ്പോൾ കലാപ്രതിഭയുമാവുന്നുണ്ട് ഹരി. അതിനെക്കാളുപരി ഹരി ഓർക്കാൻ ഇഷ്ടപ്പെടുന്നത് സ്കൂളിനെ പ്രതിനിധീകരിച്ച് ആകാശവാണിയിലെ യുവവാണിയിൽ ഒരു പരിപാടി അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചതാണ്.

350 രൂപയായിരുന്നു ആകാശവാണി അന്ന് ഹരിയ്ക്കു നൽകിയ പ്രതിഫലം ! ഒരു കലാകാരൻ എന്ന നിലയ്ക്ക് ലഭിച്ച ആദ്യപ്രതിഫലത്തെ തുടർന്ന് ഹരി അനുകരണകലയെ കൂടുതൽ ഗൗരവത്തിൽ കാണാൻ തുടങ്ങി.

അങ്ങനെ കണ്ടതിന്റെ അനുരണനങ്ങളാണ് ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ച സംഭവത്തിലേക്കെത്തിച്ചത്.

അതിങ്ങനെ: ബിസിഎയ്ക്ക് കാട്ടാക്കടയിലെ ക്രിസ്ത്യൻ കോളേജിലാണ് ഹരി ചേർന്നത്. ചെറിയ തോതിലുള്ള മിമിക്രികൾ മാത്രം കണ്ടു ശീലിച്ച വിദ്യാർഥികളുടെ ഇടയിലേക്കാണ് ഹരി എന്ന അനുകരണസിംഹം കടന്നുചെല്ലുന്നത്. ജയറാമിന്റേയും മുകേഷിന്റേയും കോമഡികളിലാണ് പെൺകുട്ടികൾ ആരാധകരായതെങ്കിൽ മമ്മൂട്ടി, സുരേഷ് ഗോപി തുടങ്ങിയവരെ അനുകരിച്ചതിലൂടെയാണ് ആൺകുട്ടികൾ ഹരിയെ ശ്രദ്ധിക്കാൻ തുടങ്ങിയത്. നെടുമുടി, ബാലചന്ദ്രമേനോൻ തുടങ്ങിയവരെ അനുകരിച്ചത് ഹരിയെ അധ്യാപകരുടെ കണ്ണിലുണ്ണിയാക്കി.

വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പു വളരെ വാശിയേറിയതായിരുന്നെങ്കിലും ഹരി മാത്രം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു എന്നതായിരുന്നു ഇതിന്റെയെല്ലാം പരിണതഫലം.

ഹരിയുടെ ഔപചാരിക വിദ്യാഭ്യാസം അവസാനിക്കുന്നത് കേരള സർവകലാശാലയിൽ ചെയ്ത എം ബി എ യോടെയാണ്. ഇതിനിടെ പഠനാവശ്യവുമായി ബന്ധപ്പെട്ട് കൈരളി ടിവിയിൽ ഒരു പ്രൊജക്ട് ചെയ്യാൻ ഹരിക്ക് അവസരം ലഭിക്കുന്നു. കൈരളി വി ചാനൽ തുടങ്ങാനുള്ള പദ്ധതിയിലായിരുന്നു അന്ന് ചാനൽ മേധാവികൾ. പ്രശസ്ത സിനിമാഗാന രചയിതാവായ ഷിബു ചക്രവർത്തിയായിരുന്നു ചാനലിലെ ഹരിയുടെ 'ഗൈഡ്'. കൈരളി വി ചാനലിനെ എങ്ങനെ കിരൺ ടിവി, ഏഷ്യാനെറ്റ് പ്ലസ് എന്നീ ചാനലുകൾക്കൊപ്പം 'പൊസിഷൻ' ചെയ്യിക്കാം എന്നതായിരുന്നു ഷിബു ചക്രവർത്തി ഹരിക്കു നൽകിയ 'അസൈൻമെന്റ്'.

ഹരി സമർപ്പിച്ച പ്രൊജക്ട് ചാനൽ അധികൃതർ അംഗീകരിച്ചു. എം ബി എ പൂർത്തിയാക്കിയ ഉടൻ തന്നെ വീണ്ടും കൈരളി ചാനലുമായി ചേർന്ന് പ്രവർത്തിക്കാനുള്ള അവസരവും ഹരിക്കു ലഭിക്കുകയുണ്ടായി. ചാനലിന്റെ അന്നത്തെ പ്രശസ്ത റിയാലിറ്റി ഷോ ആയിരുന്ന ഗന്ധർവസംഗീതത്തിന്റെ കോ-ഓർഡിനേഷൻ നിർവഹിച്ച ക്രിസാലിസ് കമ്യൂണിക്കേഷനിലെ അംഗമെന്ന നിലയിലായിരുന്നു ആ അവസരം ഹരിയെ തേടിയെത്തിയത്.

പ്രശസ്ത സംഗീതസംവിധായകൻ എ ആർ റഹ്മാനായിരുന്നു ആ വർഷത്തെ

ഗന്ധർവസംഗീതപുരസ്കാര ജേതാവ്. കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിച്ചതിലൂടെ സംഗീതരംഗത്തെ ഒട്ടനവധി പ്രശസ്തരുമായി ആത്മബന്ധമുണ്ടാക്കാൻ സാധിച്ചതായി ഹരി ഓർക്കുന്നു.

പക്ഷേ, മികച്ച 'ഓഫർ' ലഭിച്ചതിനെ തുടർന്ന് ആറുമാസങ്ങൾക്കു ശേഷം ഹരി കൈരളി ടിവിയിൽ നിന്ന് ഏഷ്യൻ പെയിന്റ്സിലേക്കു മാറുകയാണ്. അവിടെ ഭംഗിയായി കാര്യങ്ങൾ നടന്നു പോവുന്നതിനിടയിലാണ്, തന്റെ മകൻ ഒരു ബാങ്ക് ഓഫീസറായി കാണണമെന്ന അമ്മയുടെ ആഗ്രഹത്തെ തുടർന്നു മാത്രം ബാങ്ക് ടെസ്റ്റ് എഴുതിയ ഹരിക്ക് ഫെഡറൽ ബാങ്കിൽ ഓഫീസറായി നിയമനം ലഭിക്കുന്നത്.

അങ്ങനെ 2008 ഒക്ടോബർ മാസം ഹരി ഫെഡറൽ ബാങ്ക് ഓഫീസറായി ജോലിയിൽ ചേരുന്നു, അമ്മയുടെ അഭിലാഷം സഫലീകരിക്കപ്പെടുകയും ചെയ്യുന്നു.

അനുകരണവൈഭവത്തിനൊപ്പം പരിപാടികൾ അവതരിപ്പിക്കുന്നതിലുള്ള ഹരിയുടെ സാമർത്ഥ്യവുമാണ് പിന്നീട് ഫെഡറൽ ബാങ്കിൽ കാണാൻ കഴിഞ്ഞത്. "പരിപാടി എന്തുമാകട്ടെ, കോംപെയർ ഹരി തന്നെ" എന്ന മട്ടിലായിരുന്നു കാര്യങ്ങൾ. മികച്ച് രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബാങ്കിന്റെ ഉന്നതോദ്യോഗസ്ഥരിൽ നിന്നു മാത്രമല്ല, എംഡിയിൽ നിന്നു തന്നെ പലവട്ടം ഹരിയ്ക്ക് അഭിനന്ദനങ്ങൾ ലഭിച്ചിട്ടുണ്ട്.

2012 മുതൽ 2017 വരെ ബാങ്കിന്റെ പബ്ലിക് റിലേഷൻസ് കൈകാര്യം ചെയ്ത ഹരി ഇതിനിടെ പൃഥ്വിരാജ് അഭിനയിച്ച ഡാർവിന്റെ പരിണാമം എന്ന ചിത്രത്തിൽ ചെറുവേഷവും ചെയ്യുകയുണ്ടായി.

2017 ൽ വീടിനടുത്തുള്ള പോത്തൻകോട് ശാഖയുടെ മാനേജരായി എത്തിയതിനെ തുടർന്ന് സനൽകുമാർ എന്ന അധ്യാപകന്റെ കീഴിൽ ഹരി വീണ്ടും സംഗീതപഠനം ആരംഭിക്കുന്നു. അതോടെ സാമൂഹ്യമാധ്യമങ്ങൾ വഴി ഗാനാലാപനങ്ങൾക്കും തുടക്കമിടുന്നുണ്ട്. 2019 ൽ ഡെൽഹിയിലേക്ക് സ്ഥലം മാറ്റമായതിനെ തുടർന്ന് സംഗീതപഠനത്തിന് താൽക്കാലികമായി തടസം നേരിട്ടെങ്കിലും പാടുന്ന കാര്യത്തിൽ ഇനി പിറകോട്ടില്ലെന്ന തീരുമാനത്തിലാണ് ഹരി.

ജീവിതത്തിലെ തന്റെ മോണോആക്ടിന് വിടചൊല്ലിക്കൊണ്ട് എഞ്ചിനീയറിംഗ് ബിരുദധാരിയായ ആരതിയെ ഹരി വിവാഹം ചെയ്യുന്നത് 2011 ലാണ്. ഏഴുവയസുകാരി അദിതി ശങ്കർ, അഞ്ചുവയസുകാരൻ അർജുൻ അരവിന്ദ് എന്നിവരും കൂടി ചേർന്ന കുടുംബം ഹരിയുടെ സ്വപ്നങ്ങൾക്ക് പൂർണപിന്തുണയുമായുണ്ട്.

അനുകരണകലയിലും ഗാനാലാപനത്തിലും എന്നതു പോലെ അഭിനയത്തിലും കൂടുതൽ ചെയ്യണം എന്നതാണ് ഹരിയുടെ മുന്നോട്ടുള്ള ആഗ്രഹങ്ങൾ. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നതു ശീലമാക്കിയ ഹരിയുടെ മോഹങ്ങൾക്ക് ടാലന്റഡ് ബാങ്കേർസ് എല്ലാ ആശംസകളും നേരുന്നു.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിഞ്ഞാലക്കുട ടൗൺ ബ്രാഞ്ച്, തൃശൂർ
-------------------------------------------------------------------------------------------------

The thin framed student effortlessly imitated almost all actors including Jayaram, Mukesh, Balachandra Menon, Nedumudi Venu, Suresh Gopi and Narendra Prasad regardless of their body build and depth of voice. It turned out to be the first of it's kind election in the history of the college, which merits to be dubbed so by virtue of the boy being chosen unopposed given his unmatched skill.

Henceforth he triumphantly came along to have gotten habituated to uphold the saga and hardly manifested any cues of relenting thereon. Let's acquaint you with this week,

Hari Shankar A.R
Federal Bank
New Delhi / Dwarka Branch

Hari Shankar was born in Nedumangad, in Trivandrum district, as the elder of the two sons of Shri Aravindakshan Nair, a social activist who owned a hospital and Ms Remadevi, a pigmy collector at Syndicate Bank.

Hari had his education from LKG to Class X at Darshana English Medium Higher Secondary School, Nedumangad. He had the opportunity to stage his performance before the crowd in his LKG class itself thanks to being non fearful of stage even at a tender age.He used to come up first in Singing, Poetry Recitation, Storytelling and mono act. That he was fortunate enough to be handed over an award and a certificate from the famed dancer and actress Thaara Kalyan is a noteworthy milestone as of his artistic voyage.

After opined by many as to nurturing his ability to sing, he started learning music under a music teacher popularly known as Kuttan Chettan when he was in fourth grade which went on until the end of the eighth grade whence it was put on the back burner in an attempt to zero in better on his studies.

Yet, instead of subsiding to the depths of idleness, he decided to shift his focus a bit to the game of badminton which he had been into since fifth grade and won accolades for, when he was in ninth grade and tenth grade with first place and second place respectively added to his laurels.

That being said, I wondered, understandably, as to how he would have spent his leisure time when he was doing his plus two course. However in sequel to badminton and singing he ventured into the realm of mimicry.

Hari struggled with stammering until he was in eighth grade. But in his tireless attempts to emulate dialogues of movie stars, he deciphered that it never was much of a problem if what was to be spoken was predetermined.

Mimicry, therefore had a two-pronged impact on his life. For one, it boosted his level of confidence. For two, he found it more popular than the art of singing.

While doing plus two at Sreenarayanavilasam Higher Secondary School at Aanad, he garnered fame to no bounds. He won the title of Kalaprathibha, with prizes in Mimicry, Mono act, Pantomime, Oppana and Poetry Recitation competitions, to his credit. He had the opportunity to represent his school and present a program in ‘Yuvavaani’ aired on All India Radio, for which he was paid Rs 350. There on he began taking a serious approach towards nurturing his talents.

Hari enrolled in Christian College, Kattakada to pursue his BCA degree. Students who had been conditioned to watch mediocre mimicry perfomances were spell-bound by his feat. While he had female fan following for imitating Jayaram and Mukesh, boys got amazed by him imitating Mammootty and Suresh Gopi. His teachers fell for his performance while he imitated Shri Nedumudi and Shri Balachandra Menon. Only Hari used to be elected unopposed at the College elections.

Hari did his MBA under the University of Kerala when got an opportunity to do a project on Kairali TV, it was then that the top executives of the channel were chalking out plans to start Kairali V channel. Shibu Chakraborty, the famed lyricist, was his guide. Hari was assigned the task of submitting his project themed around how to 'position' the Kairali V channel with it’s rivals- Kiran TV and Asianet Plus.

His project was approved by the channel authorities. Soon after earning his MBA, Hari got the opportunity to work with Kairali Channel again, being a member of Chrysalis Communications, which co-ordinated the channel's then popular reality show ‘Gandharva Sangeetham’.

Hari reflects on how he feels elated being able to connect with many celebrities in the music industry and to have made a place for himself as an artist.

Later he accepted a better offer from Asian paints. Meanwhile he appeared for bank tests, and got appointed as an officer in Federal Bank in realization of what his mother dreamt of for long.

Hari joined Federal Bank as an officer in October 2008. He was often lauded by the helming executives including MD in recognition of his abilities in compering and organizing events at the

bank.

He handled the bank's public relations during the tenure spanning from 2012 to 2017. He has played a small role in the Prithviraj-starrer movie Darwin's Evolution.

After he got transferred to Pothencode branch near his home in 2017, he resumed learning music under the tutelage of Shri Sanalkumar which came to a halt once he relocated to Delhi in 2019. However Hari never intents a slowing down, being an earnest artist.

Hari married Ms Arathy, an engineering graduate, in 2011. They have two children- seven-year-old Aditi Shankar and five-year-old Arjun Aravind.

Hari is indeed some one with promise who is passionate about acting as well, just like his ardent interest in mimicry and singing. Talented bankers community wishes Hari all the best in the days to come. May he be chosen unopposed in all walks of life.